ഉറവിട മാലിന്യസംസ്കരണ പരിപാടി

201 (1617) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഉറവിട മാലിന്യ സംസ്കരണ പരിപാടി നടപ്പിലാക്കുന്നത് നിർബന്ധിതമാക്കാമോ ;

(ബി) എങ്കിൽ ഇതിനായി വാർഷിക വിഹിതത്തിന്റെ 10% എങ്കിലും നിർബന്ധമായും നീക്കിവയ്ക്കുന്നതിന് നിർദ്ദേശിക്കാമോ ;

(സി) ബയോഗ്യാസ് പ്ലാന്റുകൾക്ക് 50% സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ) ഘട്ടംഘട്ടമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഉറവിട മാലിന്യ സംസ്കരണ പരിപാടി നടപ്പിലാക്കുന്നത് നിർബന്ധമാക്കാവുന്നതാണ്.

(ബി) പരിഗണനയിലില്ല.

(സി) ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾക്ക് നിലവിൽ 50 ശതമാനം സബ്സിഡി ശുചിത്വമിഷൻ വഴിയും 25 ശതമാനം സബ്സിഡി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 25 ശതമാനം ഗുണഭോക്താവുമാണ് വഹിച്ചു വരുന്നത്.

ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി

202 (1618) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗിച്ച് വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ഫർണിച്ചറുകൾ, തെരുവ് വിളക്കുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുമ്പോൾ ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഉപകരണങ്ങളും ഉല്പന്നങ്ങളും സ്വന്തമായി നിർമ്മിക്കാത്തവരും എന്നാൽ സർക്കാർ സ്ഥാപനങ്ങളുടെയോ സർക്കാർ രജിസ്ട്രേഷന്റെയോ മറവിൽ ഗുണമേന്മയില്ലാത്ത ഉപകരണങ്ങളും ഫർണിച്ചറുകളും മറ്റും മത്സരാടിസ്ഥാനത്തിലല്ലാത്ത ടെണ്ടറുകൾ നല്കി വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രോക്യൂർമെന്റ് മാന്വൽ നിഷ്കർഷിക്കുന്ന ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

(ബി&സി) ഇല്ല. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി RAIDCO, KAICO, KAMCO തുടങ്ങിയ സ്ഥാപനങ്ങൾ സ്വന്തമായി നിർമ്മിക്കുന്ന യന്ത്രസാമഗ്രികൾ മാത്രമേ ടെണ്ടർ കൂടാതെ വാങ്ങാവൂ എന്നും അപ്രകാരം സ്വന്തമായി നിർമ്മിക്കാത്ത സാധനങ്ങൾ വാങ്ങുമ്പോൾ സ്റ്റോർ പർച്ചേസ് വ്യവസ്ഥകൾ പാലിക്കേണ്ടതാണെന്നും നിഷ്കർഷിച്ച് 10-11-2009-ൽ 17166/എഎ 3/09/തസ്വഭവ നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

എറണാകുളം ജില്ലയിൽ രൂപീകരിച്ച ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും

203 (1619) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ പുതുതായി രൂപീകരിച്ച ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ രൂപീകരിച്ചുകൊണ്ടുള്ള നടപടിക്രമങ്ങൾ പൂർത്തിയായോ; എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) പുതിയ പഞ്ചായത്തുകളുടെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവയ്ക്ക് ആവശ്യമായ ആധുനിക രീതിയിലുള്ള ഭൗതിക സാഹചര്യങ്ങൾ നൽകുന്നതിന് സത്വര നടപടികൾ ഉണ്ടാകുമോ ;

(ഇ) പുതിയ പഞ്ചായത്തുകൾക്ക് പ്രത്യേക വികസനഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) എറണാകുളം ജില്ലയിൽ അറയ്ക്കപ്പടി, മൂളവൂർ, നേര്യമംഗലം, കുറുപ്പംപടി, പട്ടിമറ്റം, തൃക്കാരിയൂർ എന്നീ ഗ്രാമപഞ്ചായത്തുകളും പിറവം, കൂത്താട്ടുകുളം എന്നീ മുനിസിപ്പാലിറ്റികളും പുതുതായി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ട്.

(ബി) ഇല്ല.

(സി) പുതിയ പഞ്ചായത്തുകളുടെ പ്രവർത്തനം 2015 നവംബർ 1 മുതൽ ആരംഭിക്കേണ്ടതുണ്ട്.

(ഡി) ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്ന മുറയ്ക്ക് ധനകാര്യകമ്മീഷന്റെ ശുപാർശ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly